# KAKNS AUP SCHOOL KUTTIATTOOR

KUTTIATTOOR (PO), MAYYIL(Via), KANNUR (Dist)
KERALA, 9947673305
**Email: kupshm@gmail.com**

**PROJECT THEME :**

# SELF SUSTAINING SCHOOL ECO-SYSTEM

**Theme choosen for case study**

Leadership for Skills-Based and Vocational Education

Name of the school head : HABEEB THANGAL.K.C

Name of the school with full postal address : KAKNS AUP SCHOOL KUTTIATTOOR
KUTTIATTOOR(PO), 670602, MAYYIL(Via)
KANNUR(Dist), Kerala

E-mail address : kupshm@gmail.com
Whatsapp Number : 9947673305

K.A.K.N.S. A.U.P SCHOOL
P.O.KUTTIATTOOR
13648
KUTTIATTOOR

Habeeb Thangal KC
Headmaster
KAKNS AUP School Kuttiattoor
P.O.Kuttiattoor- 670602

## പ്രധാന പ്രവർത്തനങ്ങൾ

1. സ്കൂൾ പോസ്റ്റോഫീസ്
2. സ്കൂൾ ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ
3. സ്കൂൾ കോടതി
4. ഹ്യൂമൺ ലൈബ്രറി




SCHOOL




SCHOOL BANK
&
STARTUP INCUBATION
CENTER

# സ്കൂൾ പോസ്റ്റോഫീസ്

## ആമുഖം

കഴിഞ്ഞ രണ്ട് വർഷക്കാലത്തെ വിദ്യാഭ്യാസ രീതി എങ്ങനെയായിരുന്നു എന്ന് ആരോടും ചോദിച്ച് മനസ്സിലാക്കേണ്ട ഒന്നല്ല. പ്രത്യക്ഷത്തിൽ അതനുഭവിച്ച കുട്ടികൾ ഇന്നും നമ്മോടൊപ്പം ഉണ്ട്. അവരുടെ പഠന പ്രശ്നങ്ങൾ എന്താണ് എന്ന് കൃത്യമായും നമുക്ക് കണ്ടെത്താൻ സാധിക്കും.കുട്ടികളുടെ പഠനപ്രശ്നങ്ങളെ മാത്രം അങ്ങനെ കണ്ടെത്തിയാൽ മതിയോഎന്നതാണ് കോവിഡാനന്തരം ഓരോ വിദ്യാലയവും ചർച്ച ചെയ്യുന്നത്.

മാനസികവും ശാരീരികവും സാമൂഹ്യപരമായും അവർ ഒറ്റപ്പെട്ടു എന്നതാണ് വസ്തുത. ഈ ഒറ്റപ്പെടലാണ് അവരുടെ ചിന്താശേഷിയേയും സർഗാത്മകതയേയും ഭാവനയേയും ആശയ രൂപീകരണത്തെയും നഷ്ടപ്പെടുത്തിയത്. സാമൂഹ്യ ജീവിയായ കുട്ടി സമൂഹത്തെ തൊട്ടനുഭവിക്കാതെയും ലക്ഷ്യബോധമില്ലാതെയും മാറ്റിനിർത്തപ്പെട്ടു. അവന്റെ / അവളുടെ ഭാവി രൂപീകരണം,ആശയ വിനിമയം,എഴുത്ത് എന്നിവ കൂടിയ അളവിൽ കുറഞ്ഞുപോയി. കോവിഡാനന്തരം സ്കൂളിലേക്കവന്ന കുട്ടിയെ സ്വയം നവീകരിക്കാനുതകുന്ന പ്രവർത്തനങ്ങളാൽ വിദ്യാലയങ്ങൾ പൊതിഞ്ഞുവെച്ചു. അവിടെയും കുട്ടി വീണ്ടും ഒറ്റപ്പെട്ടു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യങ്ങളിലൊന്ന് സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന ഗാന്ധിയൻ ദർശനങ്ങളാണ്. ഒപ്പം പ്രൈമറി ക്ലാസുകളിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുകയും വേണം. അത്തരം ഒരു മാറ്റം ഉണ്ടാകൽ കുട്ടി സ്വയം പെരുമാറുന്ന ഇടങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണം. അവിടെ അവൻ/അവൾ ഭാഷയെയും എഴുത്തിനെയും വായനയെയും ഒപ്പം നിർത്തുകയും മാറ്റത്തിന് വിധേയനാകുകയും ചെയ്യും. അങ്ങനെ ഒരു മാർഗം നമുക്ക് തെളിച്ച് നൽ കാനാകണം.

## ലക്ഷ്യങ്ങൾ :

• സ്കൂളിലെ മുഴുവൻ കുട്ടികളെയും ഒരു യൂണിറ്റായി കണ്ട് എഴുത്ത് ,വായന എന്നിവ പരിപോഷിക്കുക. പഠന

വിടവ് നികത്തുക.

• സർഗാത്മകശേഷി കൂടി ഉൾപ്പെട്ട ഒരു പ്രവർത്തനമാണ് കത്തെഴുത്ത്. കേവലം വിശേഷങ്ങൾക്കപ്പുറം അതിനൊരു ലക്ഷ്യമുണ്ടെന്ന് ബോധ്യപ്പെടുത്തുന്നു.

• ഒരു ആശയവിനിമയ ഉപാധിയാണ് കത്തെഴുത്ത്.

• ഭാഷാ വികാസം ഉറപ്പുവരുത്തുന്നു.

• കുട്ടിയുടെ ഏത് ചിന്തയേയും എഴുത്തിലൂടെ പ്രതിഫലിപ്പിക്കാൻ സാധിക്കും.

• 'സ്വയം തൊഴിൽ' - എന്ന ലക്ഷ്യത്തിലേക്ക് എത്താൻ പ്രൈമറി ക്ലാസ് മുതൽ പരിശീലനം നൽകുന്നു.

• വരുമാനം :- ജോലിക്കനുസരിച്ചുള്ള വേതനം , മറ്റ് കുട്ടികൾക്ക് 'സ്വയംതൊഴിൽ' നേടണമെന്ന മാതൃക സൃഷ്ടിക്കുന്നു.

• കുട്ടി പരിചപ്പെടേണ്ട ഒരു പൊതുസ്ഥാപനത്തെ സ്കൂളിൽ സ്ഥാപിച്ചുകൊണ്ടും ,അതിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാനുള്ള അവസരം കുട്ടിക്ക് നൽകുന്നു.

• കേവലം പഠനം എന്നതിനപ്പുറം കുട്ടിയെ പുതിയ ലോകത്തിലേക്കും മാറ്റങ്ങളിലേക്കും മാർഗ നിർദ്ദേശം

നൽകുന്നു.

• കേരളത്തിലെ മറ്റു വിദ്യാലയങ്ങൾക്കും മാതൃകയാക്കാവുന്ന ഒരു പ്രവർത്തനമായും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ഒരു മുതൽ കൂട്ടായും മാറുന്നു.

## <u>വിഷയാവതരണം :</u>

മുൻകാലങ്ങളെ അപേക്ഷിച്ച് ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ഭാഷാശേഷിയിലുണ്ടായ കുറവ് അധ്യാപകർ കണ്ടെത്തി സ്കൂൾ

എസ്.ആർ.ജി യിൽ ചർച്ച ചെയ്തു. ശേഷം എസ്.ആർ.ജി യിൽ ഉരുത്തിരിഞ്ഞ
ഒരാശയമാണ് 'സ്കൂൾ പോസ്റ്റോഫീസ് 'എന്നത്. ഇതിലൂടെ സ്കൂളിലെ എല്ലാ കുട്ടികളെയും ഒരു യൂണിറ്റായി കണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കാം എന്ന ബോധ്യത്തോടെ ഒരു പൊതുസ്ഥാപനമായ 'സ്കൂൾ പോസ്റ്റോഫീസ് 'സ്കൂളിൽ സ്ഥാപിച്ചു.'സ്വയം തൊഴിൽ ' സ്വയം പഠനം , വരുമാനം എന്ന ലക്ഷ്യത്തിലേക്ക് കുട്ടിയെ നവീകരിക്കാൻ ഈ പ്രവർത്തനത്തിന് സാധിച്ചു. നമ്മളിൽ നിന്ന് അന്യം നിന്ന് പോയ് കൊണ്ടിരിക്കുന്ന 'കത്തെഴുത്ത് ' എന്ന വ്യവഹാരത്തെ ഈ പദ്ധതിയിലൂടെ തിരിച്ചുകൊണ്ട് വരുന്നത് കുട്ടിയുടെ സമഗ്രമായ മാറ്റത്തിന് ഉതകും എന്ന് ഉറപ്പായിരുന്നു. അവൻ / അവൾ എഴുത്ത് കത്തുകൾ , അവരുടെ സർഗാത്മകതയേയും , ആശയ രൂപീകരണത്തെയും , ചിന്തയേയും മാറ്റി മറിക്കുകയും ഭാഷാ ശേഷി വികാസം എന്ന അടിസ്ഥാന ശേഷി ഉറപ്പാക്കുകയും ചെയ്തു. സ്കൂൾ പോസ്റ്റോഫീസിലെ ജീവനക്കാരായി കുട്ടികളിൽ നിന്ന് രണ്ട് പേരെ പി.എസ്.സി പരീക്ഷ മോഡൽ നടത്തി , അഭിമുഖവും നടത്തി തിരഞ്ഞെടുത്തു. അവർക്ക് മാസവേതനവും നൽകി കൊണ്ട് കുട്ടികൾക്ക് സ്വയം തൊഴിൽ എന്ന ലക്ഷ്യത്തിലേക്ക് ഊർജം നൽകി. സ്കൂളിലെ മുഴുവൻ കുട്ടികളും അധ്യാപകരും എഴുതുന്ന കത്തിടപാടുകൾ ഇവർ മുഖേന കൈമാറ്റം ചെയ്യപ്പെട്ടു. കേരളത്തിലെ ആദ്യത്തെ സ്കൂൾ പോസ്റ്റോഫീസ് എന്ന തലക്കെട്ടോടെ അതിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നു.

## പദ്ധതി വിശദീകരണം

### ആസൂത്രണം / നിർവഹണം

ദേശീയ തപാൽ ദിനമായ ഒക്ടോബർ 10 ന് സ്കൂൾ പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിക്കാൻ എസ്.ആർ.ജി യിൽ തീരുമാനിച്ചു. പോസ്റ്റ്ബോയ് / പോസ്റ്റ്ഗേൾ എന്നീ തസ്തികകളിലേക്ക് 2 നിയമനങ്ങൾ നടത്തി അവര് ക്ക് പഠന ചെലവ് അനുസരിച്ചുള്ള വേതനം നൽകാനും എസ്.ആർ.ജി യോഗം നിർദ്ദേശിച്ചു. പി.എസ്.സി മോഡൽ ഒ.എം.ആർ

പരീക്ഷാ വിജ്ഞാപനം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. മൂന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളിൽ നിന്ന് അപേക്ഷ സ്വീകരിച്ചു. ആകെ 160 കുട്ടികൾ തസ്തികയിലേക്ക് അപേക്ഷ നൽകി. ഒക്ടോബർ 6 ന് പരീക്ഷ നടത്തുകയും ഒക്ടോബർ 8 ന് ഫലം പ്രഖ്യാപിക്കുകയും ചെയ്തു. ശേഷം തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നും അഭിമുഖ പരീക്ഷക്കുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 6 അംഗങ്ങൾ ഉൾപ്പെട്ട അഭിമുഖ പാനൽ 20 കുട്ടികളെ അഭിമുഖം നടത്തി യോഗ്യത നേടിയ ഏഴാം ക്ലാസിലെ മാനസ് ,നമ്രത എന്നീ കുട്ടികളെ പോസ്റ്റ്ബോയ് / പോസ്റ്റ്ഗേൾ തസ്തികയിലേക്ക് മാസ ശമ്പളത്തോടെ നിയമിച്ചു.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

'പഠനത്തോടൊപ്പം ഒരു തൊഴിൽ' എന്ന പ്രക്രിയ പൂർത്തിയാക്കാൻ ഒരു കുട്ടി ഏതുവരെ പഠിക്കണം എന്ന ആശങ്കയിലാണ് നമ്മുടെ രക്ഷിതാക്കളിൽ പലരും. അതിന്റെ പ്രധാന കാരണം പ്രൈമറി തലത്തിൽ അത്തരം പഠന പദ്ധതികൾ ഇല്ല എന്നതു തന്നെയാണ്. വരുന്ന പാഠ്യപദ്ധതിയിൽ അതിനൊരു മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ അതിന് മുമ്പ് തന്നെ കുട്ടികൾക്ക് പഠനത്തോടൊപ്പം ഒരു തൊഴിൽ എന്ന ആശയം സ്കൂളിൽ നടപ്പിലാക്കിക്കൊണ്ടും ,മറ്റുള്ള കുട്ടികൾക്ക് ഒരു തൊഴിൽ നേടാൻ പ്രേരണ നൽകിയും ഈ പദ്ധതി മുന്നോട്ട് പോകുന്നു. ഒരു പൊതുസ്ഥാപനത്തെ പരിചയപ്പെടുന്നതിലൂടെ സ്വയം പഠനത്തിനും വഴിയൊരുക്കുന്നു.

## കേരളത്തിലെ ആദ്യത്തെ സ്കൂൾ പോസ്റ്റോഫീസ് പൊതുവിദ്യാലയങ്ങൾക്ക് ഒരു മാതൃക

കോവിഡാനന്തരം സ്കൂളുകളിലേക്ക് മടങ്ങിയെത്തിയ കുട്ടികളിൽ കണ്ടെത്തിയ പഠന വിടവ് നികത്താൻ പലമാർഗങ്ങളും വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. കുട്ടിയുടെ

ചിന്ത,സർഗാത്മകത,ആശയരൂപീകരണം,ഭാവന എന്നിവ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നാം ആസൂത്രണം ചെയ്യേണ്ടത്. അതിലൂടെ സാമൂഹ്യബോധം വളർത്താനും കഴിയണം. എഴുത്ത് , വായന എന്നിവ ത്വരിതപ്പെടുത്തുന്ന ഒരു സമഗ്രപദ്ധതിയാണ് സ്കൂൾ പോസ്റ്റോഫീസ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്തെന്ന് പ്രവർത്തിയിൽ കൊണ്ട് വരാൻ ഇതിന് സാധിച്ചു. പഠനത്തോടൊപ്പം കുട്ടി ഒരു തൊഴിൽ മേഖല

പരിചയപ്പെടുക. മാത്രമല്ല മറ്റുള്ളവർക്ക് അതൊരു മാതൃകയും ആകുന്ന തരത്തിലാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സ്കൂൾ പോസ്റ്റോഫീസ് എന്ന ആശയം കുട്ടികളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ പ്രകടമായും നമുക്ക് കാണാൻ സാധിക്കും. എഴുത്തും വായനയും കുട്ടി സ്വയം ചെയ്യുന്നു. കത്ത് എന്ന വ്യവഹാരത്തിന്റെ വിവിധ ഘട്ടങ്ങൾ കുട്ടി മനസ്സിലാക്കുന്നു. കേരളത്തിലെ ആദ്യത്തെ സ്കൂൾ പോസ്റ്റോഫീസ് സ്ഥാപിച്ചതിലൂടെ

മിക്ക വിദ്യാലയങ്ങളും ഇതൊരു മാതൃകാക്കുന്നു. പഠനത്തോടൊപ്പം വരുമാനം എന്നത് പ്രൈമറി തലത്തിൽ പ്രാവർത്തികമാക്കിയാൽ നല്ലൊരു തലമുറയെ നമുക്ക് വാർത്തെടുക്കാം. പൊതു വിദ്യാലയങ്ങൾക്ക് ഇതൊരു മാതൃക കൂടിയാണ്.

## <u>ഇന്റർ സ്കൂൾ കത്തെഴുത്ത്</u>

കത്തെഴുത്ത് എന്ന ശീലം മലയാളികൾ മറന്ന് തുടങ്ങിയ ഒന്നാണ്. സാങ്കേതിക വിദ്യയുടെ വികാസം അതിനെ മണ്ണിട്ടു മൂടി എന്ന് തന്നെ പറയാം. സ്കൂൾ പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചപ്പോൾ സമീപത്തെ സ്കൂളുകളിൽ ഒന്നായ കോറളായി തുരുത്ത് ഗവ:എൽ.പി സ്കൂളിലെ 2,3 ക്ലാസിലെ കുട്ടികൾ അയച്ച കത്തുകൾ കുട്ടികളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വാക്കുകൾക്കും അതീതമാണ്. അവർ കാണാത്ത കൂട്ടുകാർ , അവരുടെ നാടിനെ കുറിച്ചും ,സ്കൂളിനെ കുറിച്ചും വിശേഷങ്ങൾ കത്തിലൂടെ പങ്കുവെച്ചു. കത്തിനുള്ള മറുപടിയും അയക്കുമ്പോൾ രണ്ട് നാടിനെ കുട്ടികൾ പരിചയപ്പെടുന്നു.ഭാഷ, ചിന്ത, ആശയം, സർഗാത്മകത – ഇവ

പരിപോഷിപ്പിക്കാൻ അനുയോജ്യമായ ഒരു പ്രവർത്തനമായിരുന്നു ഇന്റർസ്കൂൾ കത്തെഴുത്ത്.




## സ്കൂൾ ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ

**ആമുഖം**

കുട്ടികളിലെ ഗണിത പഠനം രസകരമാക്കുന്നതിനും, നിത്യജീവിതത്തിലെ പ്രശ്നങ്ങളിലൂടെ ഗണിത പഠനം സ്വാഭാവികമായി മാറ്റുന്നതിനും, കുട്ടിയിലെ സംരംഭക ആശയങ്ങളെ കണ്ടെത്തി ഒരു തൊഴില് പഠിപ്പിക്കുന്നതിനും വേണ്ടി പി.ടി.എ),സ്റ്റാഫ് സംയുക്തമായി നടപ്പിലാക്കിയ ഇന്നവേറ്റീവ് പദ്ധതിയാണ് സ്കൂൾ
ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ.

**പ്രവർത്തന ഘട്ടം 1**

സ്കൂൾ ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ കുട്ടികൾക്ക് പ്രത്യേകമായിത്തന്നെ സ്കൂൾ ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിന്റെ കെട്ടിടം 30000 രൂപ ചിലവിൽ നിർമ്മിച്ചു നൽകാൻ തീരുമാനിച്ചു.

**പ്രവർത്തന ഘട്ടം 2**

കുട്ടി എഞ്ചിനിയർമാർ സ്കൂൾ ബാങ്കിന്റെ ഓഫീസ് രൂപരേഖ തയ്യാറാക്കുന്നതിന് വരയ്ക്കാൻ കഴിവുള്ള കുട്ടികൾ,ഗണിത ശേഷികളിൽ മികച്ച കുട്ടികളെയും ഉൾപ്പെടുത്തി മയ്യിൽ എയ്സ് ബിൽഡേർസിലെ വിദഗ്ധ എഞ്ചിനീയേഴ്സിന്റെ നേതൃത്വത്തിൽ 40 കുട്ടികൾക്ക് പരിശീലനം നൽകി. കുട്ടികൾ തന്നെ രൂപരേഖ തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 3**

കുട്ടികൾ വരച്ച ബാങ്കിന്റെ പ്ലാൻ ഏകീകരിച്ച് ഒന്നാക്കുന്നു. തുടർന്ന് സ്കൂൾ പരിസരത്ത് കുട്ടികൾ തന്നെ ബാങ്ക് & സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിനുള്ള സ്ഥലം കണ്ടെത്തുന്നു. അളവുകൾ പ്രകാരം സ്ഥലം മാർക്ക് ചെയ്യുന്നു. നിർമ്മാണം ആരംഭിക്കുന്നു.

## സ്കൂൾ ബാങ്ക് - ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സേവിംഗ് അക്കൗണ്ട്.
- കുട്ടികളെ തന്നെ ബാങ്ക് ജീവനക്കാരായി നിയമിക്കുന്നു.
- പഠന വായ്പാ സൗകര്യം.
- എ.ടി.എം സൗകര്യം
- കാർഷിക വായ്പ.
- സംരംഭകർക്കുള്ള വായ്പകൾ.
- സ്കൂളിലെ എല്ലാ ഫീസിനങ്ങളും സ്കൂൾ ബാങ്ക് മുഖേന.

**സ്കൂൾ ബാങ്കി"ലൂടെ കുട്ടിയിൽ എത്തുന്ന പഠന നേട്ടങ്ങൾ**

• പ്രായോഗിക പ്രശ്നനിർദ്ധാരണത്തിലൂടെ ഗണിത പഠനം സ്വാഭാവികമാക്കുന്നു.

• ഒരു പൊതുസ്ഥാപനത്തെയും അവിടുത്തെ ഇടപാടുകളെയും കുട്ടി അടുത്തറിയുന്നു.

• അക്കൗണ്ട് തുടങ്ങൽ,വായ്പകൾക്കുള്ളഅപേക്ഷകൾ,പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമുള്ള അപേക്ഷ എന്നിവ സ്വയം ചെയ്യുന്നതിലൂടെ ഭാഷാ ശേഷി സ്വയം ആർജിക്കുന്നു.

• സങ്കലനം,വ്യവകലനം,ഗുണനം,ഹരണം എന്നീ ഗണിത ക്രിയകൾ കുട്ടിയിൽ സ്വാഭാവികമായി കടന്ന് പോകുന്നു.

• സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിലൂടെ കുട്ടിയെ പഠിപ്പിക്കുന്ന സംരംഭക ആശയങ്ങൾ - ഒരു തൊഴിൽ പരിശീലനത്തോടൊപ്പം ഉല്പാദനം , കച്ചവടം , ലാഭം എന്നീ പ്രക്രിയയിലുടെ കുട്ടി കടന്ന് പോകുന്നു.

## വരുമാനമില്ലാത്ത കുട്ടിയിൽ എങ്ങനെ സമ്പാദ്യശീലം വളർത്താം?

**സ്കൂൾ കട**

എല്ലാ കുട്ടികളുടെ വീട്ടിലും ഏതെങ്കിലുമൊരു കൃഷിയോ മറ്റു ഉത്പന്നങ്ങളോ നിർമ്മിക്കുന്നുണ്ടാവാം. ഇവയ്ക്ക് നല്ലൊരു മാർക്കറ്റ് കുട്ടിക്ക് കിട്ടുന്നില്ല. സ്വന്തമായി കൃഷി ചെയ്യുന്ന കുട്ടിപോലും കച്ചവടം എന്ന പൂർ ണതയിലേക്ക് എത്തുന്നില്ല.ഇതിനൊരു പരിഹാരമാണ് സ്കൂൾ കട എന്ന ആശയം. കുട്ടി നിർമ്മിച്ച ഉത്പന്നങ്ങളോ കാർഷിക വിളകളോ സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള സ്കൂൾ കടയിൽ കുട്ടി വിൽക്കുന്നു. മറ്റു കുട്ടികൾ,അധ്യാപകർ,നാട്ടുകാർ എന്നിവർക്ക് ഏത് സമയം വേണമെങ്കിലും ഇത് വാങ്ങാവുന്നതാണ്. അങ്ങനെ വിറ്റു കിട്ടുന്ന ലാഭമാണ് കുട്ടി സ്കൂൾ ബാങ്കിൽ നിക്ഷേപിക്കുന്നത്.

## സ്കൂൾ ബാങ്ക് നൽകുന്ന വായ്പകൾ എത്ര തരം?

**3 തരം**

- പഠന വായ്പ
- കാർഷിക വായ്പ
- സംരംഭക വായ്പ

**<u>പഠന വായ്പ</u>**

പഠന വായ്പക്കുള്ള അപേക്ഷ പൂരിപ്പിച്ച് രക്ഷിതാവിന്റെ സമ്മതത്തോടെ സ്കൂൾ ബാങ്കിന് നൽകുന്നു. അപേക്ഷ ലഭിച്ച് 3 മണിക്കൂറിനുള്ളിൽ വായ്പ അനുവദിക്കുന്നു.

എൽ.പി വിഭാഗത്തിന് 150 രൂപ

യു.പി വിഭാഗത്തിന് 250 രൂപ

(കൂടുതൽ മാസം കൊണ്ടുള്ള തിരിച്ചടവ് ആണ് ഓരോ വായ്പയും)

**<u>കാർഷിക വായ്പ</u>**

ശാസ്ത്രാഭിമുഖ്യം വളർത്തി കുട്ടി കർഷകരെ വളർത്തിയെടുക്കുന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്. കാർഷിക വായ്പക്കുള്ള പ്രത്യേക അപേക്ഷ കുട്ടി ബാങ്കിന് നൽകുന്നു. അപേക്ഷ പരിഗണിച്ച് വിത്ത്/വളം/ കാർഷികോപകരണങ്ങൾ/പരിശീലനം എന്നിവക്കാവശ്യമായ വായ്പകളാണ് നല്കുന്നത്. അപേക്ഷ ലഭിച്ച് 1 ദിവസത്തിനുള്ളിൽ ബാങ്ക് ലോൺ അനുവദിക്കുന്നു. ഒരു കുട്ടിക്ക് 500 രൂപ മുതൽ 5000 രൂപ വരെ കാർഷിക വായ്പ നൽകുന്നു. (കുട്ടി കൃഷി ചെയ്ത കാർഷിക ഉത്പന്നം വിളവെടുത്ത് സ്കൂൾ കടയിൽ വിറ്റ് ലാഭം കിട്ടുന്നത് മുതൽ വായ്പാ തിരിച്ചടവ് ആരംഭിക്കുന്നു.

**<u>സംരംഭക വായ്പ</u>**

ഇത് സ്കൂൾ ബാങ്കിനോട് ചേർന്ന് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററാണ് ഇത്തരം വായ്പകൾ ബാങ്കിൽ നിന്ന് അനുവദിപ്പിക്കുന്നത്. കുട്ടി ചെയ്യാൻ ആഗ്രഹിക്കുന്ന സംരംഭക ആശയങ്ങളെ വളർത്തിയെടുക്കുന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്.

## എന്താണ് സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ?

നൂതന ആശയങ്ങളുടെ കലവറകളാണ് കുട്ടികൾ. അത്തരം ആശയങ്ങളെ വളർത്തിയെടുക്കുകയും വേണ്ട പരിശീലനം നൽകുകയും ചെയ്യുമ്പോഴാണ് കുട്ടി ഒരു സംരംഭകനാകുന്നത്. ഒരു സംരംഭത്തിന് വേണ്ട സാമ്പത്തികം,പരിശീലനം, അതിന്റെ ഉത്പാദനം,കച്ചവടം,ലാഭം എന്നീ ഘട്ടങ്ങളിലൂടെ കുട്ടി കടന്ന് പോകുമ്പോൾ ഒരു സംരംഭകൻ എന്നതിലുപരി ഭാവിയിലേക്കുള്ള ഒരു തൊഴിൽ പഠിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളാണ് സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിലൂടെ നടക്കുന്നത്.

**<u>നടപ്പിലാക്കിയ സംരംഭക ആശയങ്ങൾ</u>**

പേന,സോപ്പ്,ചന്ദനത്തിരി,കുട,ചോക്ക് ഒരു വർഷം അഞ്ച് സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നു.

ഒരു സ്റ്റാർട്ടപ്പിന് കീഴിൽഇരുപത് കുട്ടികൾ. വർഷം നൂറ് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

## കുട്ടിക്ക് സംരംഭകനാകാൻ

- കുട്ടിയിലെ സംരംഭക ആശയത്തെ ആദ്യം കണ്ടെത്തുന്നു.
- താത്പര്യമുള്ള 20 കുട്ടികളെ ആ സംരംഭത്തിന് കീഴിൽ ചേർക്കുന്നു.
- സംരംഭം തുടങ്ങാൻ ആവശ്യമായ ചിലവിനു വേണ്ടി പ്രത്യേകം തയ്യാറാക്കിയ അപേക്ഷ സ്കൂൾ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിൽ നൽകുന്നു. അപേക്ഷ സ്റ്റാർട്ടപ്പ് സെന്റർ പരിശോധിച്ച് ആവശ്യമായ തുക സ്കൂൾ

ബാങ്കിനോട് ആവശ്യപ്പെടുന്നു. സ്കൂൾ ബാങ്ക് കുട്ടിക്ക് ആവശ്യമായ തുകനൽകുന്നു.

- ഒരു സ്റ്റാർട്ടപ്പിന് 10000 രൂപ വായ്പ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ ബാങ്കിൽ നിന്ന് അനുവദിക്കുന്നു.

• വായ്പക്കൊപ്പം സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ നേരിട്ട് കൊണ്ട് ഓരോ സ്റ്റാർട്ടപ്പിനും ആവശ്യമായ പരിശീലനം നൽകുന്നു.

**<u>സ്റ്റാർട്ടപ്പിൽ ഉത്പന്നങ്ങളുടെ കച്ചവട രീതി</u>**

- സ്കൂൾ കട വഴി
- സ്കൂൾ ശാസ്ത്ര – കലോത്സവ സ്റ്റാളുകൾ വഴി
- കുടുംബശ്രീകൾ വഴി
- അയൽപക്ക വീടുകൾ വഴി




കുട്ടികൾ വരച്ച സ്കൂൾ ബാങ്ക്



ഫോം പൂരിപ്പിക്കാനറിയാത്തവർ മാറിനിൽക്കൂ...

# കുട്ടികൾ ബാങ്ക് നിർമിക്കുകയാണ്

കുറ്റ്യാട്ടൂർ● 'ഒരു വടക്കൻ സെൽഫി'യിൽ നിവിൻ പോളി അവതരിപ്പിച്ച ഉമേഷെന്ന കഥാപാത്രത്തെ ഓർമയില്ലേ. ബാങ്കിലെ ഒരു ഫോം എങ്ങനെയാണ് പൂരിപ്പിക്കേണ്ടതെന്നു പോലും അറിയാത്ത ഉമേഷിനെ നോക്കി ചിരിക്കാത്തവരും ചിന്തിക്കാത്തവരും ചുരുക്കം. പക്ഷേ, ആ ചിരിയും ചിന്തയും ചേർത്ത് ബാങ്ക് നിർമിക്കാനൊരുങ്ങുകയാണ് കെഎകെഎൻഎസ്എ യുപി സ്കൂളിലെ വിദ്യാർഥികൾ. ഇനി ബാങ്കിൽ പോകാതെത്തന്നെ ബാങ്കിനെക്കുറിച്ച് അറിയാം. ഫോം പൂരിപ്പിക്കാനും വായ്പയെടുക്കാനും പഠിക്കാം.

## നിർമാണവും നടത്തിപ്പും കുട്ടിക്കൂട്ടം

കേരളത്തിലെ ആദ്യത്തെ സ്കൂൾ ബാങ്കും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററുമാണ് കെഎകെഎൻഎസ്എ യുപി സ്കൂളിൽ ഒരുങ്ങുന്നത്. ഓഫിസ് കെട്ടിടത്തിന്റെ നിർമാണത്തിനു നേതൃത്വം നൽകുന്നതും 'കുട്ടി എൻജിനീയർമാരാകും'. പരിശീലനത്തിനായി മയ്യിൽ എയ്സ് ബിൽഡേഴ്സിലെ എൻജിനീയർമാരുടെയും ആർക്കിടെക്ട് ടീമിന്റെയും സഹായവുമുണ്ടാകും.

## ലക്ഷ്യം സമ്പാദ്യശീലം

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, ഗണിതപഠനം പരിപോഷിപ്പിക്കുക, ഒരു പൊതുസ്ഥാപനത്തെ നേരിട്ട് അടുത്തറിയുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് ബാങ്ക് തുടങ്ങുന്നത്. കുട്ടികൾക്ക് പഠനാവശ്യത്തിനായി വായ്പാ സൗകര്യവും പണമെടുക്കുന്നതിനായി എടിഎം സൗകര്യവും ബാങ്കിൽ ഒരുക്കും.

ഇവിടെ അസിസ്റ്റന്റ് മാനേജർ, കാഷ്യർ, ക്ലാർക്ക് തസ്തികയിൽ കുട്ടികൾ തന്നെ പഠനത്തോടൊപ്പം ജോലി ചെയ്യും. ഒഎംആർ പരീക്ഷയും അഭിമുഖവും നടത്തിയാണ് കുട്ടി ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്. ഇവർക്കു പ്രതിമാസ ശമ്പളവും ഉണ്ടാകും.

## സംരംഭകരേ, ഇതിലേ...ഇതിലേ...

കുട്ടികളിലെ സംരംഭക ആശയങ്ങൾ കണ്ടെത്തി, വളർത്തിയെടുത്ത് സ്കൂൾ ബാങ്കിന്റെ സഹായത്താൽ ഒരു സംരംഭം തുടങ്ങാൻ കുട്ടിയെ പ്രാപ്തമാക്കുകയാണ് സ്കൂൾ ബാങ്കിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിന്റെ ജോലി. ഇതിലൂടെ ഒരു വർഷം 100 കുട്ടികൾക്കു സ്വയംതൊഴിൽ പഠിക്കാം.




"സ്കൂൾ പിടിഎയുടെ നേതൃത്വത്തിലാണു പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ ആദ്യമായാണ് സ്കൂളിനകത്ത് കുട്ടികളുടേതായ ഒരു നിർമിതി വരുന്നത്. പൊതുവിദ്യാലയങ്ങൾക്കെല്ലാം ഇതു മാതൃകയാക്കാവുന്നതാണ്.

**കെ.മധു, പിടിഎ പ്രസിഡന്റ്.**

കുട്ടികൾക്കു പഠനത്തോടൊപ്പം നിർമാണ പരിശീലനം കൂടി നൽകുന്നതു തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്നും അതു വിദ്യാർഥികളെ ഭാവിയിൽ സഹായിക്കുമെന്നും മയ്യിൽ എയ്സ് ബിൽഡേഴ്സ് ഡയറക്ടർ ബാബു പണ്ണേരി പറഞ്ഞു.

സ്കൂൾ ബാങ്കിന്റെയും സ്റ്റാർട്ടപ്പ് ഇൻകുബേഷന്റെയും ഔദ്യോഗിക പ്ലാൻ തിങ്കളാഴ്ച പുറത്തിറങ്ങും. പരിശീലന പരിപാടി പി.ടി.എ.





# പണമിടാം, കടമെടുക്കാം
# വരുന്നു 'കുട്ടിബാങ്ക്'

**കെ പ്രിയേഷ്**
**മയ്യിൽ**

പോക്കറ്റ് മണിയായും മിഠായി വാങ്ങിയതിൽ അൽപ്പം മിച്ചമുള്ളതുമെല്ലാം സമ്പാദ്യമാക്കണമെന്ന് കൊച്ചുകുട്ടികളിൽ ചിലരെങ്കിലും ആഗ്രഹിക്കുന്നുണ്ടാകും. എന്നാൽ, ബാങ്കിലോ മറ്റ് സ്ഥാപനങ്ങളിലോ പോകാതെ കുട്ടികളുടെ സമ്പാദ്യം സ്കൂൾ ക്യാമ്പസിൽ തന്നെ നിക്ഷേപിക്കാനായി സ്കൂൾ ബാങ്കിന് തുടക്കമിടുകയാണ് കുറ്റ്യാട്ടൂർ കെഎകെഎൻഎസ് എയുപി സ്കൂൾ. നിക്ഷേപം എന്നതിലുപരി ചെറിയ ആവശ്യങ്ങൾക്കായി കടമെടുക്കാമെന്നതും സ്കൂൾ ബാങ്ക് എന്ന സങ്കൽപ്പത്തിലുണ്ട്. പുതുതലമുറയുടെ വലിയ ചിന്തകൾക്ക് ചിറകുവിടർത്താൻ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ നിർമിക്കാനും ഒരുങ്ങുകയാണ് സ്കൂൾ.

**പോസ്റ്റോഫീസിന് പിന്നാലെ ബാങ്കും**

കേരളത്തിലാദ്യത്തെ സ്കൂൾ പോസ്റ്റോഫീസ് യാഥാർഥ്യമാക്കിയ സ്കൂൾ രണ്ടാമത്തെ സംരംഭത്തിന് തുടക്കമിടുന്നത് സ്കൂൾ ബാങ്കിലൂടെയും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററിലൂടെയുമാണ്. കണക്കിലും വരയിലും പ്രഗത്ഭ്യമുള്ള കുട്ടികളെയും നിർമാണ പ്രവൃത്തിയിൽ താൽപ്പര്യമുള്ള കുട്ടികളെയും കണ്ടെത്തും. അവരാണ് പദ്ധതിക്ക് ആവശ്യമായ കെട്ടിടം നിർമിക്കുക.

മയ്യിൽ എയ്സ് ബിൽഡേഴ്സിന്റെ സഹകരണത്തോടെ നേടുന്ന പരിശീലനത്തിലൂടെ കുട്ടികൾതന്നെ സ്ഥലം കണ്ടെത്തി പ്ലാൻ വരച്ച് മറ്റു നിർമാണവും നടത്തിയാണ് സ്കൂളിൽ അവരുടെ കുട്ടിബാങ്കും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്ററും ഒരുക്കുന്നത്.

**കുട്ടി മാനേജർ, കാഷ്യർ**

കുട്ടികളിലെ സമ്പാദ്യശീലത്തെ വളർത്തി ഗണിതപഠനവും സാമ്പത്തിക ഭദ്രതയും പകരുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്കൂൾ ബാങ്കിൽ കുട്ടികൾക്കായി അസി. മാനേജർ, കാഷ്യർ, ക്ലർക്ക് തസ്തികകളാണ് ഉണ്ടാവുക. ഇവരാണ് ആഴ്ചയിൽ രണ്ടുദിവസം ബാങ്ക് പ്രവർത്തനം നിയന്ത്രിക്കുക. ബാങ്ക് ജനറൽ മാനേജരായി അധ്യാപികയുമുണ്ടാകും. പിഎസ്‌സി മാതൃകയിൽ പരീക്ഷയും അഭിമുഖവും നടത്തി തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് വരുമാനവും നൽകും.

ബാങ്കിൽ ഏതൊരു കുട്ടിക്കും അക്കൗണ്ട് എടുക്കുകയും എത്ര പണം വേണമെങ്കിലും നിക്ഷേപിക്കുകയും ചെയ്യാം. എപ്പോൾ വേണമെങ്കിലും തുക പിൻവലിക്കാം. ഇതിനെല്ലാം അപേക്ഷാ ഫോറങ്ങളും ഒരുക്കും. കുട്ടികളുടെ പഠനത്തിന് പലിശരഹിത വായ്പയും നൽകും. എൽപി വിഭാഗം കുട്ടികൾക്ക് 150 രൂപയും യുപി വിഭാഗത്തിന് 250 രൂപയുമാണ് വായ്പ നൽകുക.

ബാങ്കിനോട് ചേർന്നാണ് സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തിക്കുക. സംരംഭ ആശയങ്ങൾ വച്ച് കുട്ടികൾക്ക് വായ്പയ്ക്ക് അപേക്ഷിക്കാം. അത് വിജയിപ്പിക്കാനുള്ള സാമ്പത്തിക സഹായം ബാങ്ക് അനുവദിക്കും. ഇത്തരത്തിൽ ഇരുപത് കുട്ടികളുടെ അഞ്ച് സ്റ്റാർട്ടപ്പ് നടത്തി ഒരുവർഷം നൂറുകുട്ടികളെ സംരംഭത്തിലേക്ക് നയിക്കുകയാണ് ലക്ഷ്യം.

സ്കൂൾ പിടിഎയാണ് മാതൃകാ പദ്ധതിക്ക് തുടക്കമിടുന്നത്. ബാങ്ക് നിർമാണത്തിനായി വരയിൽ പ്രഗത്ഭ്യമുള്ള കുട്ടികളെ കണ്ടെത്തി വെള്ളിയാഴ്ച പരിശീലനം ആരംഭിക്കും.

ദേശാഭിമാനി Thu, 05 October 2023
https://epaper.deshabhimani.com/c/73600820



സ്കൂൾ കട

## കുട്ടി ബാങ്ക് ജീവനക്കാർ

അസിസ്റ്റന്റ് മാനേജർ,ക്ലാർക്ക്,ക്യാഷിയർ എന്നീ തസ്തികകളിൽ കുട്ടികൾതന്നെ മാസ വരുമാനത്തോടു കൂടി ബാങ്ക് ഇടപാടുകൾ നിയന്ത്രിക്കുന്നു. നാലാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളിൽ നിന്ന് ഒ.എം.ആർ പരീക്ഷ നടത്തിയാണ് ബാങ്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

### ശമ്പള സ്കെയിൽ

150 രൂപ -മാസം 10 രൂപ ശമ്പള വർധനവ്

## ഈ പദ്ധതിയുടെ പ്രത്യേകതകൾ

- കേരളത്തിലെ ആദ്യത്തെ സ്കൂൾ ബാങ്ക്.

• ഇന്ത്യയിൽ ആദ്യമായി കുട്ടികൾക്ക് വേണ്ടി മാത്രമായി നിർമ്മിച്ചു നൽകുന്ന ബാങ്ക് കെട്ടിടം.

• ഇന്ത്യയിൽ ആദ്യമായി "കുട്ടി സ്റ്റാർട്ടപ്പുകൾ" ആരംഭിക്കുന്നതിന് വേണ്ടി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തിക്കുന്ന ഏക വിദ്യാലയം.

• പൊതുവിദ്യാലയ ചരിത്രത്തിൽ ആദ്യമായി ഒരു യു.പി സ്കൂളിൽ കുട്ടി എഞ്ചിനിയർമാർ നിർമ്മാണ പങ്കാളിയായ കുട്ടികളുടേതായ ആദ്യത്തെ നിർമ്മിതി.

## സ്കൂൾ കോടതി

ഒരു ജുഡീഷ്യൽ സ്ഥാപനമായി പ്രവർത്തിക്കുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ അവർ തന്നെ സ്കൂൾ കോടതിയിൽ പരിഹരിക്കുന്നു. ശിക്ഷകൾക്ക് പകരം തിരുത്തലുകളും ബോധ്യപ്പെടുത്തലുകളും ഉണ്ടാക്കുന്നു. പൊതുപ്രശ്നങ്ങളിൽ കുട്ടികളുടെ നിലപാടുകൾ വ്യക്തമാക്കുന്ന രീതിയിൽ കോടതി സംവിധാനം പ്രവർത്തിക്കുന്നു.

**<u>ലക്ഷ്യം</u>**

• വാദ-പ്രതിവാദം ഉയർന്ന ഭാഷാപ്രയോഗ ശേഷിയാണ്.

• തെളിവുകളെ നിരത്തി സർഗാത്മകമായി വാദിക്കുന്നു.

• സംവാദത്തിന്റെ തലത്തിലേക്ക് ഉയരാൻകാരണമാകുന്ന പ്രവർത്തനങ്ങൾ.

• പൊതുപ്രശ്നങ്ങളിൽ കുട്ടി ഇടപെടുന്നു.

• ഒരു ജുഡീഷ്യൽ സംവിധാനത്തെ പരിചയപ്പെടുത്തുന്നു.

• കോടതി വ്യവഹാരങ്ങളിൽ പക്വമായ ഇടപെടൽ ഉറപ്പുവരുത്തുന്നു.

• കോടതി വ്യവഹാരങ്ങളിൽ പക്വമായ ഇടപെടൽ ഉറപ്പുവരുത്തുന്നു.

• നീതിബോധം , ജനാധിപത്യം , ഭരണഘടന, മൂല്യങ്ങൾ ഉറപ്പുവരുത്തുന്നു.

• ഇന്ത്യൻ ജുഡീഷ്യൽ സംവിധാനത്തോട് വിശ്വാസത ഉറപ്പുവരുത്തുന്നു.

• സ്വാഭിപ്രായം സമർപ്പിക്കാൻ പ്രേരണ നൽകുന്നു.

• കുട്ടികളുടെ അവകാശങ്ങൾ , സ്വാതന്ത്ര്യം എന്നിവയെ പറ്റി ബോധം ഉറപ്പാക്കുന്നു.

**മറ്റുകാര്യങ്ങൾ**

• കോടതിക്ക് പ്രത്യേക സ്ഥലവും,കൂടും ക്രമീകരിക്കുന്നു.

• കുട്ടികൾ തന്നെ ജഡ്ജ്,വക്കീൽ - അവർക്ക് കോടതിയിൽ ഉപയോഗിക്കുന്ന യൂണിഫോം

• കേരളത്തിൽ ആദയമായാണ് ഒരു പ്രൈമറി സ്കൂളിൽ കോടതി പ്രവർത്തിക്കുന്നത്.

• വിദഗ്ദ വക്കീലന്മാരുടെ സേവനം കുട്ടികൾക്ക് ലഭിക്കുന്നു.





# സ്കൂൾ ഹ്യൂമൺ ലൈബ്രറി

കേരളത്തിൽ ആദ്യമായാണ് പുസ്തകത്തിന് പകരം ആളുകൾ പുസ്തക ബുക്ക് ആയി എത്തുന്ന പദ്ധതിയാണ് ഹ്യൂമൺ ലൈബ്രറി.

വിവിധ മേഖലകളിലെ വിദഗ്ധരും  അനുഭവ സമ്പത്ത് ഉള്ളവരും ഹ്യൂമൺ ബുക്ക് ആയി കുട്ടികൾക്ക് മുന്നിൽ എത്തുന്നു. പഠന പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള കുട്ടികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലൊരു സംരംഭം.

## <u>പ്രവർത്തന രീതി</u>

1. മാസത്തിൽ 2 തവണ
2. പ്രത്യേകം ക്രമാകരിച്ചിരിക്കുന്ന സ്റ്റാന്റുകൾ
3. ഹ്യൂമൺ ബുക്ക് ആയി എത്തേണ്ടവരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ (കുട്ടികളും രക്ഷിതാക്കളും ഉൾപ്പെടുന്നതാണ് ഈ ലിസ്റ്റ്.



സ്വതന്ത്ര ഐ.ടി സോഫ് റ്റ് വെയറായ ജി-കോംപ്രിസിന്റെ ഉപജ്ഞാതാവ് തിമോത്തി ജയറ്റ് സ്കൂൾ ഹ്യൂമൺ ലൈബ്രറിയിൽ കുട്ടികളുമായി സംവദിക്കുന്നു.

മലയാള മനോരമ




ഹ്യൂമൻ ലൈബ്രറിയുടെ ഉദ്ഘാടനച്ചടങ്ങ്

## കോടതി, പോസ്റ്റ് ഓഫിസ്, ബാങ്കും സ്റ്റാർട്ടപ് ഇൻക്യുബേഷൻ സെന്റർ...

# കുറ്റ്യാട്ടൂർ കെഎകെഎൻഎസ് യുപി സ്കൂളിൽ

# ഇനി ഹ്യൂമൻ ലൈബ്രറിയും

**സജീവ് അരിയേരി**

കുറ്റ്യാട്ടൂർ● ഹ്യൂമൻ ലൈബ്രറിയുമായി കുറ്റ്യാട്ടൂർ കെഎകെഎൻഎസ് യുപി സ്കൂൾ. വായനാദിനത്തോടനുബന്ധിച്ചാണ് ഹ്യൂമൻ ലൈബ്രറി എന്ന ആശയത്തിന് അധ്യാപകർ തുടക്കമിട്ടത്. പുസ്തക വായനയിൽ എഴുത്തുകാരനുമായി സംവദിക്കാനൊക്കില്ലല്ലോ. എഴുതാത്ത ജീവിതങ്ങൾക്കും വലിയ കഥ പറയാനുണ്ടാകില്ലേ? അതാണ് ഹ്യൂമൻ ലൈബ്രറി. വ്യത്യസ്ത മേഖലകളിലുള്ള ആളുകൾ വന്ന് കുട്ടികളോട് സംവദിക്കും. ഇതിനായി ലൈബ്രറിയിൽ പ്രത്യേകമായി ഒരു സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മാസത്തിൽ ഒരു ദിവസമാണ് ഹ്യൂമൻ ലൈബ്രറിയുടെ പ്രവർത്തനം. വായനയുമായി ബന്ധപ്പെട്ടു മാത്രമല്ല കാർഷികം, ആരോഗ്യം, ജീവകാരുണ്യം അധ്യാപനം തുടങ്ങി എല്ലാ മേഖലകളിലുള്ളവരും ഹ്യൂമൻ ലൈബ്രറിയുടെ ഭാഗമാകും. ആദ്യ ഹ്യൂമൻ ലൈബ്രറിയായത് ഉദ്ഘാടകനായ തളിപ്പറമ്പ് സൗത്ത് ഉപജില്ല ബിആർസിയിലെ ബിപിസി എം.വി.നാരായണനാണ്.

തിരുത്തലിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കാനാണ് സ്കൂളിൽ കുട്ടികൾക്കു വേണ്ടിയുള്ള കുട്ടിക്കോടതി ആരംഭിച്ചത്. കോടതി മാത്രമല്ല, പോസ്റ്റ് ഓഫിസും ബാങ്കും സ്റ്റാർട്ടപ് ഇൻക്യുബേഷൻ സെന്ററും കടയുമെല്ലാമുണ്ട് ഈ സ്കൂളിൽ. മുൻ അധ്യയന വർഷങ്ങളിൽ ആരംഭിച്ച ഇവയുടെ പ്രവർത്തനവും നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. ഓരോ സ്ഥാപനത്തിനും പ്രത്യേക കെട്ടിടവും കുട്ടി ഉദ്യോഗസ്ഥർക്ക് യൂണിഫോമും ശമ്പളവുമുണ്ട്. ജില്ലയിലെ ലൈബ്രറികളിൽ ആദ്യത്തെ ഹ്യൂമൻ ലൈബ്രറിയാണ് കുറ്റ്യാട്ടൂർ കെഎകെഎൻഎസ് യുപി സ്കൂളിലെ ഹ്യൂമൻ ലൈബ്രറി. മുതിർന്നവരെ കൂടാതെ കുട്ടികളും ഹ്യൂമൻ ലൈബ്രറിയിൽ ഹ്യൂമൻ ആയി വരാറുണ്ട്... ചിത്ര രചന, നിർമാണങ്ങൾ, കുട്ടികളുടെ ഉത്തരവാദിത്വങ്ങൾ എന്നീ വിഷയങ്ങളിൽ അവർ ഒരു ബുക്ക് ആയി മാറുന്നു.